LIBRARY ARCHIVES Kerala Legislative Assembly

മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ടൂറിസം വികസനം

21 [3608] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പ് മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പ്രദേശം ടൂറിസം വികസനത്തിനായി പരിഗണിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏത് പ്രദേശമാണെന്നും ഇതിനുള്ള നടപടികൾ എന്തായെന്നും വെളിപ്പെടുത്തുമോ;

(സി) ടൂറിസം വികസനത്തിനായി ഏതെങ്കിലും കേന്ദ്രം ഏറ്റെടുക്കണമെന്ന് കാണിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(സി) ലഭിച്ചിട്ടില്ല.

അരുവിക്കര ഡാമും പരിസരപ്രദേശങ്ങളും മോടിപിടിപ്പിക്കാൻ നടപടി

22 [3609] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമും പരിസരപ്രദേശങ്ങളും വിനോദസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ മോടിപിടിപ്പിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

കോഴിക്കോട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പദ്ധതികൾ

23 [3610] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതികൾക്കുവേണ്ടി എന്ത് തുക ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം പദ്ധതികൾക്കാണ് ഗവൺമെന്റ് അംഗീകാരം നൽകാതിരുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇരിങ്ങൽ പ്രോജക്ട് ഒന്നാംഘട്ടം (25 ലക്ഷം രൂപ) ഇരിങ്ങൽ പ്രോജക്ട് രണ്ടാംഘട്ടം (75 ലക്ഷം രൂപ), തുഷാരഗിരിയുടെ വികസനം (20 ലക്ഷം), തുഷാരഗിരിയുടെ അധിക വികസനം പാർട്ട് 1 (14 ലക്ഷം രൂപ), തുഷാരഗിരിയുടെ അധിക വികസനം പാർട്ട് 2 (7 ലക്ഷം രൂപ), തുഷാരഗിരി-അരിപ്പാറ റോഡ് (35 ലക്ഷം രൂപ), തുഷാരഗിരിയിൽ നടവരമ്പും, വാട്ടർപോണ്ടും (9.5 ലക്ഷം രൂപ), തലക്കുളത്തൂരിൽ അക്വാറ്റിക് റിക്രിയേഷൻ സെന്റർ (20 ലക്ഷം രൂപ), പേ ആന്റ് യൂസ് ടോയ്ലെറ്റ് (5 ലക്ഷം രൂപ), ബീച്ച് റോഡ് നവീകരണം (3 കോടി രൂപ), മിഠായിതെരുവ് നവീകരണം (1 കോടി രൂപ), സിറ്റി സെന്റർ വികസനം (1 കോടി രൂപ), പയ്യാകുറ്റിമല വികസനം (20 ലക്ഷം രൂപ) എന്നീ പദ്ധതികളാണ് ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത്.

(ബി) ഇരിങ്ങൽ പ്രോജക്ട് ഒന്നാംഘട്ടം, തുഷാരഗിരിയുടെ വികസനം, തുഷാരഗിരിയുടെ അധിക വികസനം, തലക്കുളത്തൂരിലെ അക്വാറ്റിക് റിക്രിയേഷൻ സെന്റർ, പേ ആന്റ് യൂസ് ടോയ്ലറ്റ്, ബീച്ച് റോഡ് നവീകരണം, മിഠായിത്തെരുവ് നവീകരണം.

(സി) ഇരിങ്ങൽ പ്രോജക്ട് ഒന്നാംഘട്ടം (25 ലക്ഷം രൂപ) തുഷാരഗിരിയുടെ വികസനം പാർട്ട് 1 (20 ലക്ഷം രൂപ), തുഷാരഗിരിയുടെ അധിക വികസനം (14 ലക്ഷം രൂപ), തലക്കുളത്തൂരിൽ അക്വാറ്റിക് റിക്രിയേഷൻ സെന്റർ (20 ലക്ഷം രൂപ), പേ ആന്റ് യൂസ് ടോയ്ലെറ്റ് (5 ലക്ഷം രൂപ), ബീച്ച് റോഡ് നവീകരണം (3 കോടി രൂപ), മിഠായിത്തെരുവ് നവീകരണം (1 കോടി രൂപ).

(ഡി) തുഷാരഗിരിയുടെ അധിക വികസനം പാർട്ട് 2, തുഷാരഗിരി-അരിപ്പാറ റോഡ്, തുഷാരഗിരിയിൽ നടവരമ്പും, വാട്ടർപോണ്ടും, സിറ്റി സെന്ററിന്റെ വികസനം, പയങ്കുറ്റിമല വികസനം.

ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ് ഓഫീസുകളുടെ പ്രവർത്തനം

24 [3611] ശ്രീ. കെ. പി. രാജേന്ദ്രൻ:
" മാങ്കോട് രാധാകൃഷ്ണൻ:
" എൻ. രാജൻ:
" പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഇൻവെസ്റ്റിഗേഷൻ, പ്ലാനിംഗ് ഓഫീസുകളുടെ പ്രവർത്തനങ്ങൾക്ക് ഉദ്ദേശിക്കുന്ന ഫലങ്ങൾ ഉണ്ടായിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly